കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മറ്റത്തൂര് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR.p(8)-194/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 12/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മറ്റത്തൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR.p(8)-194/2023 തീയ്യതി: 12/04/2023

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 16-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സതീശൻ എൻ	ഡെപ്യൂട്ടി ഡയറക്ടർ(ഹയർഗ്രേഡ്)	17-01-2023	24-01-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-01-2023	24-01-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റഫിജോൺ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി പ്രവിത പി.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സലീഷ് എം.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അശ്വതി വിബി	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ. ഹബീബ്.വി.എച്ച്	സെക്രട്ടറി	01-04-2021	31-12-2021
ശ്രീമതി ശ്യാമള സി.വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-01-2022	13-01-2022
ശ്രീമതി ശാലിനി എം	സെക്രട്ടറി	14-01-2022	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. വിനോദ് കുമാർ പി	കൃഷി ഓഫീസർ	01-04-2021	11-10-2021
ശ്രീ. ഉണ്ണികൃഷ്ണൻ എം.പി	കൃഷി ഓഫീസർ	12-10-2021	31-03-2022
ഡോ.സജേഷ് എം.ജി	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ശ്രീ. ജോസ് മാത്യു	ഹെഡ്മാസ്റ്റർ (റിട്ട)	01-04-2021	30-04-2021
ശ്രീമതി ധുമിനി കെ.ജെ	ഹെഡ്മിസ്ട്രസ് (റിട്ട)	01-05-2021	26-10-2021
ശ്രീമതി ശ്രീജ ഐ.എൻ	ഹെഡ്മിസ്ട്രസ് (റിട്ട)	27-10-2021	01-12-2021
ശ്രീമതി ധുമിനി കെ.ജെ	ഹെഡ്മിസ്ട്രസ് (റിട്ട)	01-12-2021	31-03-2022
ശ്രീമതി സുമ എം.എസ്	വി ഇ ഒ (മറ്റത്തൂർ സർക്കിൾ)	01-04-2021	31-03-2022
ശ്രീ. ഉമൈവാൻ പി.എ	വി ഇ ഒ (കോടാലി സർക്കിൾ)	01-04-2021	06-10-2021
ശ്രീ. അഖിൽ എം.എസ്	വി ഇ ഒ (കോടാലി സർക്കിൾ)	07-10-2021	31-03-2022
ശ്രീ.നിജു ജോസ്	വി ഇ ഒ (വെള്ളിക്കുളങ്ങര സർക്കിൾ)	01-04-2021	30-09-2021
ശ്രീമതി രഹന എച്ച്	വി ഇ ഒ (വെള്ളിക്കുളങ്ങര സർക്കിൾ)	01-10-2021	31-03-2022
ശ്രീമതി സുധാകുമാരി വി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2021	24-12-2021
ശ്രീമതി ബിജിമോൾ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	25-12-2021	31-03-2022
ശ്രീ. അനൂപ് സോമൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022
ശ്രീമതി.ജിബിന.എം.എം	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2021	31-03-2022

ശ്രീ അജയ കുമാർ പി.കെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2021	31-03-2022
ഡോ.സ്റ്റെല്ലമോൾ വി.കെ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	01-04-2021	18-02-2022
ഡോ.സുഷിൻ സുന്ദർ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	19-02-2022	31-03-2022
ശ്രീ. ജി.ജരുസൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	04-07-2021
ശ്രീമതി. ശ്യാമള സി.പി	അസിസ്റ്റന്റ് സെക്രട്ടറി	05-07-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം	1-2
3	സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)	1-3
4	ഫണ്ട് വിനിയോഗം (ACR പ്രകാരം)	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി വരവു ചെലവു കണക്കുകൾ	1-6
7	ക്ഷേമപെൻഷനുകൾ	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തരനിയന്ത്രണം	1-9
10	വാർഷികകണക്കുകളിലെ അപാകതകൾ	1-10
11	വസ്തു നികുതി റെഡിസെൻഷ്യൽ കുടിശ്ശിക സാംഖ്യയുംസഞ്ചയയും പൊരുത്തമില്ല	1-10-1
12	വസ്തുനികുതി നോൺ-റെസിഡെൻഷ്യൽ	1-10-2
13	വാർഷികകണക്കും സഞ്ചയയും ലൈബ്രറിസെസിന്റെ കാര്യത്തിൽ പൊരുത്തമില്ല.	1-10-3
14	വസ്തുനികുതി മുൻകൂർ-സാംഖ്യയും സഞ്ചയയും പൊരുത്തമില്ല	1-10-4
15	വസ്തുനികുതി ഡിമാൻറ് 2 തവണ മാത്രം	1-10-5
16	വസ്തുനികുതി മുൻകൂർ-ക്രമീകരിയ്ക്കാൻ അവശേഷിയ്ക്കുന്നതിൽ കൂടുതൽ തുക ക്രമീകരിച്ചു	1-10-6
17	വസ്തിനികുതി മുൻകൂർ തുക സാങ്കൽപികമായി വർദ്ധിപ്പിച്ചു	1-10-7
18	ലഭിക്കാനുള്ള ലൈബ്രറി സെസ് കൃത്യമായി കണക്കാക്കപ്പെട്ടുന്നില്ല	1-10-8
19	വാടക ഡിമാന്റ് ഒരു തവണ മാത്രം	1-10-9
20	ട്രേഡേഴ്സിൽ നിന്നുള്ള തൊഴിൽകരം -മുൻകൂർ ലഭിച്ച തുകയും രജിസ്റ്ററിൽ ഉൾപെടുത്തിയിരിയ്ക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-10-10
21	പ്രയർ പിരീഡ് തുകകൾക്ക് വൌച്ചറുകളോ, വർക്ക്ഷീറ്റുകളോ തയ്യാറാക്കിയിട്ടില്ല	1-10-11
22	കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-10-12
23	ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ എന്നിവസൂക്ഷിച്ചിട്ടില്ല	1-10-13
24	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-10-14
25	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-10-15

26	ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.	1-10-16
27	തൊഴിലുറപ്പ്പദ്ധതി	1-10-17
28	"Capital Contribution" തുകയിൽ മാറ്റമില്ല	1-10-18
29	"Cash Or Cheque Deposited" എന്ന ഇനത്തിൽ ഉൾപ്പെടുത്തിയ തുക വരവ് വയ്ക്കേണ്ടതാണ്	1-10-19
30	കാലാവധി കഴിഞ്ഞ ചെക്ക് ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല	1-10-20
31	Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.	1-10-21
32	ഓഹരികളിലെ നിക്ഷേപത്തിൽ നിന്നുള്ള വരുമാനം സംബന്ധിച്ച്	1-11
33	വാടക ബൈലോ തയ്യാറാക്കിയിട്ടില്ല.	1-12
34	കൈയ്യെഴുത്ത് രസീതുകൾ എഴുതി നൽകുന്നതിലെ അപാകതകൾ	1-13
35	ലൈസൻസ് -അപാകതകൾ	1-14
36	തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-15
37	ക്രമവത്ക്കരണ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്	1-16
38	ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതി തുക മുൻകൂർ നൽകി	1-17
39	ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പദ്ധതികൾ- രേഖകൾ ഹാജരാക്കേണ്ടതാണ്	1-18
40	ആശ്രയ ഫണ്ട്- ചെലവഴിക്കാതെ അവശേഷിക്കുന്നു	1-19
41	ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല	1-20
42	ഷി വർക്ക് സ്പേസ് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.	1-21
43	കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.	1-22
44	ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.	1-23
45	കോവിഡ് 19 ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും വാങ്ങൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.	1-24
46	മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്	1-25
47	മരുന്നുകൾ സ്റ്റോക്കിലെടുത്തിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.	1-26
48	പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം - പട്ടികജാതി വികസന ഓഫീസിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല	1-27
49	ഗാർഹിക കുടിവെള്ള കണക്ഷൻ - രേഖകൾ ഹാജരാക്കിയിട്ടില്ല.-14129	1-28

	രൂപ തടസ്സത്തിൽ വെയ്ക്കുന്നു.	
50	സ്റ്റീറ്റ് മെയിൻ വലിക്കൽ -ധനവിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്	1-29
51	അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ- പൊതു അപാകതകൾ	1-30
52	ഇ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നില്ല	1-31
53	അസിസ്റ്റന്റ് എഞ്ചിനിയർ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല	1-32
54	ശുചിപൂർണ എം സി എഫിലേയ്ക്ക് വാങ്ങിയ പ്ളാസ്റ്റിക് ബെയ് ലിംഗ് മെഷീൻ പ്രവർത്തനസജ്ജമായിട്ടില്ല-5,47,517/- രൂപ തടസ്സപ്പെടുത്തുന്നു.	1-33
55	പ്രവൃത്തി വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല	1-34
56	സ്റ്റോർ പർച്ചേസ് മാനൽ - നിബന്ധനകൾ പാലിക്കേണ്ടതാണ്	1-35
57	പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -രേഖകൾ ഹാജരാക്കേണ്ടതാണ്.	1-36
58	പ്രവൃത്തി പൂർത്തീകരിച്ചശേഷം മസ്റ്റർ റോൾ തയ്യാറാക്കി വിദഗ്ധ തൊഴിലാളികളുടെ വേതനം കൈപ്പറ്റി	1-37
59	റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികൾക്കായി പ്രവർത്തി പൂർത്തീകരിച്ചതിനു ശേഷമുള്ള തിയതികളിലെ മെറ്റീരിയൽ ബില്ലുകൾ സമർപ്പിച്ചിരിയ്ക്കുന്നു.	1-38
60	പാടശേഖരസമിതിയുമായി കരാർ ഒപ്പുവെച്ചില്ല	1-39
61	സമഗ്ര നെൽകൃഷി വികസനം-വിതരണരജിസ്റ്റർ ഹാജരാക്കിയില്ല.	1-40
62	വിഭാവനം ചെയ്ത പദ്ധതികൾ നിർവ്വഹണം നടത്താത്തത് സംബന്ധിച്ച്	1-41
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
	--- No Records Found ---	
	ഭാഗം **4**	
1	സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പാ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകൾ	4-7
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികൾ	4-10

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

പാസാക്കിയ തീയതി	കമ്മിറ്റി തീരുമാനം	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
12.02.2021	1	401177757	407606107
25.03.2022	1	432040512	463442266

1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

ലഭിച്ച തീയതി	ലഭിക്കേണ്ട തീയതി
30-07-2022	31-07-2022

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	47092960
വരവ്	170576506
ആകെ	217669466
ചെലവ്	165693748
നീക്കിയിരിപ്പ്	51975718

1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

ഫണ്ടിനം	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട്-ജനറൽ	40668061	40026855	641206
വികസനഫണ്ട്- എസ് സി പി	11628977	11118666	510311
വികസനഫണ്ട്- ടി എസ് പി	864500	757000	107500
മെയിന്റനൻസ്-റോഡ്	32011800	27477766	4534034
മെയിന്റനൻസ്-റോഡിതരം	11615870	8465004	3150866
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	9837090	9358774	478316
സി.എഫ്.സി ടൈഡ് ഗ്രാന്റ്	19235044	10095075	9139969

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പിലാക്കിയ പദ്ധതിത്തുകയുടെ ശതമാനം	നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
299	230249504	216	145872029	63.35%	72.24%

1-6 തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണച്ചെലവുകൾ	1324449	972885	2297334	1808492	488842
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	----	57092978	57092978	57092978	-----
ആകെ	1324449	58065863	59390312	58901470	488842

തൊഴിലുറപ്പ് വിഭാഗം ലഭ്യമാക്കിയ ഈ കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് പൊരുത്തപ്പെടുത്തേണ്ടതാണ്.

1-7 ക്ഷേമപെൻഷനുകൾ

പദ്ധതിയുടെ പേര്	ചെലവ് തുക	ഗുണഭോക്താക്കളുടെ എണ്ണം
വിധവാ പെൻഷൻ	29918600	2024
വിവാഹധനസഹായം	690000	23
വാർദ്ധക്യകാല പെൻഷൻ	75017800	5504
കർഷകതൊഴിലാളി പെൻഷൻ	8363900	506
50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	3243600	217
വികലാംഗപെൻഷൻ	8314100	537

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2023 തീയതിയിൽ 3.50 P.M ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17568/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

വാടക ഡിമാന്റ് രജിസ്റ്റർ

ലൈബ്രറി രജിസ്റ്റർ

പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

1-10 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.സോഫ്റ്റ് വെയറിലെ ന്യൂനത മൂലമുള്ള അപാകതകൾ സോഫ്റ്റ്‌വെയർ കൃത്യമാകുന്ന മുറയ്ക്കും, മറ്റ് അപാകതകൾ വരും വർഷത്തിലും പരിഹരിയ്ക്കുമെന്ന്

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/20.01.2023 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

1-10-1 വസ്തു നികുതി റെഡിസെൻഷ്യൽ കുടിശ്ശിക സാംഖ്യയുംസഞ്ചയയും പൊരുത്തമില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ഈ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

കുടിശ്ശിക (റെസിഡൻഷ്യൽ)

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	507454	452350	59479
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	*489755	452350	**58191
	*(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (415267+98976=514243/105*100	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43)	**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (61101/105X100)=58191,

1-10-2 വസ്തുനികുതി നോൺ-റെസിഡെൻഷ്യൽ

വസ്തുനികുതി നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	1084091	832243	254019
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	1098180	832243	254072
	(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(618330+534760=1153090/105*100)	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43)	**266776/105X100)=254072 , (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-10-3 വാർഷികകണക്കും സഞ്ചയയും ലൈബ്രറിസെസിന്റെ കാര്യത്തിൽ പൊരുത്തമില്ല.

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻവർഷം	കുടിശ്ശിക	ആകെ	തൻവർഷം	കുടിശ്ശിക	ആകെ			തൻവർഷം	കുടിശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	റെസിഡൻഷ്യൽ	189906	27744	217650	185303	23159	208462	4462	---	1220	3045	4196
	നോൺ-റെസിഡൻഷ്യൽ	160546	54855	215401	153999	41794	195793	2528	---	5142	12757	17903
	ആകെ			433051			404255	6990	---	22099		
വാർഷികകണക്കിലെ വിവിധ		80694			415721			----	58530	22164		

പത്രികകൾ പ്രകാരം	80694+ 0=(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22)	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്))		(431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

"സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

1-10-4 വസ്തുനികുതി മുൻകൂർ-സാംഖ്യയും സഞ്ചയയും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്ര.ന	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	42868	920957
2	350410104-Advance Collection Of Revenues -Property Tax On Non-Residential Building	29605	243346

1-10-5 വസ്തുനികുതി ഡിമാൻറ് 2 തവണ മാത്രം

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ 286 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.(49900005/05.09.2021,42100744/31.03.2022,42100745 /31.03.2022)ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ ഉടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി

സ്വീകരിക്കേണ്ടതുമാണ്.

1-10-6 വസ്തുനികുതി മുൻകൂർ-ക്രമീകരിയ്ക്കാൻ അവശേഷിയ്ക്കുന്നതിൽ കൂടുതൽ തുക ക്രമീകരിച്ചു

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. (42100751,42100752/31.03.2022 നമ്പർ ജേണൽ വൗച്ചറുകൾ മുഖേന) അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്ര.ന	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/21 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക	2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക
1	350410101-Advance Collection Of Revenues -Property Tax On Residential Building	24083	63804
2	350410104-Advance Collection Of Revenues -Property Tax On Non-Residential Building	14494	46013

1-10-7 വസ്തിനികുതി മുൻകൂർ തുക സാങ്കൽപികമായി വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു. അതിൽ 37,675+46,013 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

ക്ര.ന	ജേണൽ വൌച്ചർ	തീയ്യതി	തുക
1	42100751	31.03.2022	37675

2.8.2 നോൺ-റെസിഡൻഷ്യൽ

ക്ര.ന	ജേണൽ വൌച്ചർ	തീയ്യതി	തുക
2	42100750	31.03.2022	63804

1-10-8 ലഭിക്കാനുള്ള ലൈബ്രറി സെസ് കൃത്യമായി കണക്കാക്കപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)460815 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 21944(460815/105X5)ആണ്. എന്നാൽ ഈ ശീർഷകത്തിൽ 22164രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

1-10-9 വാടക ഡിമാന്റ് ഒരു തവണ മാത്രം

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ

അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.ന	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയ്യതി	വൌച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക(3 കെട്ടിടങ്ങൾ)	130100101-Rent From Building	129650	05.09.2021	49900005

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-10 ട്രേഡേഴ്സിൽ നിന്നുള്ള തൊഴിൽകരം -മുൻകൂർ ലഭിച്ച തുകയും രജിസ്റ്ററിൽ ഉൾപെടുത്തിയിരിയ്ക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ട്രേഡേഴ്സിൽ നിന്നുള്ള തൊഴിൽകരം -AFS പ്രകാരം 2020-21 ൽ മുൻകൂർ ലഭിച്ച തുകയും 2021-22 രജിസ്റ്ററിൽ ഉൾപെടുത്തിയിരിയ്ക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഇനം	AFS -B-9, ഷെഡ്യൂൾപ്രകാരം 2020-21 ൽ മുൻകൂർ ലഭിച്ച തുക	2021-22 രജിസ്റ്ററിൽ ഉൾപെടുത്തിയിരിയ്ക്കുന്ന തുക
ട്രേഡേഴ്സിൽ നിന്നുള്ള തൊഴിൽകരം	383260	310180

1-10-11 പ്രയർ പിരീഡ് തുകകൾക്ക് വൌച്ചറുകളോ, വർക്ക്ഷീറ്റുകളോ തയ്യാറാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18)	31/3/2022ലെ ലെഡ്ജർ ബാക്കി
280800101-Prior Period-Establishment Expenses	-16325
280800201-Priorperiod-Administrativet Expenses	34333
280800301-Prior Period-Establishment Expenses	706236
280800601-Prior Period-Establishment Expenses	1233003
280800701-Prior Period-Establishment Expenses	-631441

1-10-12 കുടിശ്ശിക ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 , കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-10-13 ജേണൽ വൌച്ചറുകൾക്ക് ആധികാരികമായ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ എന്നിവസൂക്ഷിച്ചിട്ടില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-10-15 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 20121-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4882758രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 22423032 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-10-16 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം 13536351രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-10-17 തൊഴിലുറപ്പ്പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയത് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-18 "Capital Contribution" തുകയിൽ മാറ്റമില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ തുക 120286644 രൂപയാണ്. 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ഈ തുകയും തൊഴിലുറപ്പ് പദ്ധതിയുടേതായി

1544501 രൂപയുമാണ് ചേർത്തിട്ടുള്ളത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഒരേ തുക 2 വർഷങ്ങളിലും വരുന്നതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-10-19 "Cash Or Cheque Deposited" എന്ന ഇനത്തിൽ ഉൾപ്പെടുത്തിയ തുക വരവ് വയ്ക്കേണ്ടതാണ്

State Bank Of India KODALY(37257410750) അക്കൗണ്ടിന്റെ റീകൺസീലിയേഷൻ പത്രികയിൽ "Cash Or Cheque Deposited" എന്ന ഇനത്തിൽ 188,030 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

1-10-20 കാലാവധി കഴിഞ്ഞ ചെക്ക് ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

HDFC Bank Kodakara(50100309170187) അക്കൗണ്ടിന്റെ റീകൺസീലിയേഷൻ പത്രികയിൽ "Cash Or Cheque Withdrawal എന്ന ഇനത്തിൽ 5,000.00 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്. വൗച്ചർ നമ്പർ 32100168/31-03-2022, ഇൻസ്ട്രുമെൻറ് നമ്പർ-372025 തിയതി/30-09-2021.

കാലാവധി കഴിഞ്ഞ ഈ ചെക്ക് "Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

1-10-21 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

പഞ്ചായത്തിന്റെ ആകെ വരുമാനം (A)		348,555,573
ആകെ ചെലവ് (B)		331,132,961
മിച്ചം തുക C= A-B		17422612
Prior Period Income	510002	
Prior Period Expenditure	1325806	
Net Difference Between Prior Period Income And Expenses (D)	(-)815,804	
Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) =C+D	17422612+ (-)815,804	16606888

എന്നാൽ ഫോർമുല E=C-D എന്ന് ചേർത്തിട്ടുള്ളതിനാൽ 17422612ൽ നിന്നും(-)815804 കുറച്ചപ്പോൾ ലഭിച്ച 18,238,416 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/22 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 16606888 രൂപ തന്നെയാണ്.

31/3/22ടയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	25045412
കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D	16606888
31/3/22 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ്	41652220
Balance Sheet B-1Panchayat(General)Fund ഷെഡ്യൂളിൽ 310900101ലെ നീക്കിയിരിപ്പ്	41652220

1-11 ഓഹരികളിലെ നിക്ഷേപത്തിൽ നിന്നുള്ള വരുമാനം സംബന്ധിച്ച്

വാർഷിക കണക്കുകളുടെ പരിശോധനയുടെ ഭാഗമായി ബാലൻസ്ഷീറ്റ് B-12 പത്രിക പ്രകാരമുള്ള നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്തിന് താഴെപറയും വിധം ഓഹരികൾ ഉള്ളതായിക്കണ്ടു.

സ്ഥാപനം	ഓഹരികളുടെ എണ്ണം, ആകെ മൂല്യം	ഷെയറുകൾ എടുത്ത തിയതി
മുകുന്ദപുരം താലൂക്ക് മൾട്ടിപർപസ് വിമൻസ് ഇൻഡസ്ട്രിയൽ കോപറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 320	25 എണ്ണംX 500=12500	സർട്ടിഫിക്കറ്റ് നമ്പർ 051/11.03.1993
തൃശ്ശൂർ ജില്ലാ കോപറേറ്റീവ് സ്പിന്നിംഗ് മിൽസ്	2എണ്ണംx 5000=10000	087/05.07.2001

മേൽപറഞ്ഞ സ്ഥാപനങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ടോ എന്നും ഓഹരികളിൽ നിന്ന് ഡിവിഡന്റ് ലഭിച്ചു വരുന്നുണ്ടോ എന്നതുമായും ബന്ധപ്പെട്ട് നൽകിയ 19/22.01.2023 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സഹകരണ, വ്യവസായ വകുപ്പുകളിൽ നിന്ന് വിവരങ്ങൾ തേടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെയും അവസാനമായി ഡിവിഡന്റ് ലഭിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-12 വാടക ബൈലോ തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ വാടക ഡി സി ബി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 6/805A, 6/442, 6/440&6/441എന്നീ മുറികൾ വാടകയ്ക്കു നൽകിയിട്ടുണ്ട്. എന്നാൽ മുറികൾ വാടകയ്ക്കു നൽകുന്നതിനായുള്ള ബൈലോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 1/19.01.23). ജി.ഒ.(എം.എസ്)105/97/തദ്ദേശഭരണവകുപ്പ് വിജ്ഞാപന പ്രകാരം വാടകയ്ക്ക് കടമുറികൾ ഉള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരം ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം നേടേണ്ടതാണ്.

1-13 കൈയ്യെഴുത്ത് രസീതുകൾ എഴുതി നൽകുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കു ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി 4865, 4867, 4868എന്നീ നമ്പറുകളിലുള്ള കൈയ്യെഴുത്തു സമ്പ്രദായത്തിലുള്ള രസീതു പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. മേൽ രസീതു പുസ്തകങ്ങൾ ഉപയോഗിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) രശീതികൾ എഴുതുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കുന്നില്ല.(2011ലെ കേരള പഞ്ചായത്ത്

രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 20(2) സി)

2) ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തപ്പോൾ തുക നൽകിയവർക്ക് രസീതിന്റെ ഡ്യൂപ്ലിക്കറ്റ് നൽകിയിട്ടില്ല. (2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 20(2) സി)

3) രശീതി പുസ്തകത്തിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്സ് എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2)

4) രസീതു എഴുതാതെ തുക പിരിച്ചെടുത്തിരിക്കുന്നു. കളക്ഷൻ രജിസ്റ്ററിൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തുകയും എന്നാൽ രസീതു പുസ്തകത്തിൽ രസീത് എഴുതാതിരിക്കുകയും ചെയ്തിരിക്കുന്നു. (2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 20(2) എ)

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(14/23.01.23) അറിവില്ലായ്മ കാരണം സംഭവിച്ചതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേലിൽ പൊതു പണം സ്വീകരിക്കുമ്പോൾ ചട്ട പ്രകാരം രസീത് എഴുതി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-14 ലൈസൻസ് -അപാകതകൾ

1) താഴെ ചേർത്തിരിക്കുന്നവരുടെ പേരിലുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ സാമ്പത്തിക വർഷം രജിസ്ട്രേഷൻ എടുക്കുകയും/പുതുക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥാപനങ്ങൾ സാമ്പത്തിക വർഷം ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടില്ല.

ക്രമ നമ്പർ	ലൈസൻസിയുടെ പേര്	പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് അടവാക്കിയത്
1	ലിനോജ് കെ സണ്ണി,കാഞ്ഞിരത്തിങ്കൽ	200
2	ജെർമിയാസ് വിക്ടർ,കോലഞ്ചേരി	200
3	ഡോ ആൽഫ്രഡ് ക്രിസ്റ്റൊ കെ ജെ,കാവുങ്ങൽ	200
4	ഉഷ പാറേകാട്ടുക്കാരൻ	200
5	ജിനി കെ വി,കണ്ണാട്ടു പറമ്പിൽ	200
6	രാജി കെ എൻ ,ചോപ്പിള്ളി	200
7	ജിനി കെ വി,കണ്ണാട്ടു പറമ്പിൽ	50
8	ജിന്റോ മാത്യൂ മണലിൽ	50
9	ജെർമിയാസ് വിക്ടർ,കോലഞ്ചേരി	50
10	ഡിഡിആർസിഎസ് ആർ എൽ	200

ലൈസൻസ് രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (13/23.01.23)നൽകിയതിന് രജിസ്ട്രേഷനുള്ള പാരാമെഡിക്കൽ/ആശുപത്രികൾക്ക് ILGMS ൽ ലൈസൻസ് ഫീ ഈടാക്കുന്നതിന് നിലവിൽ പ്രൊവിഷൻ ഇല്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹരിച്ച് ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

2) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കട, ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേൽ പറഞ്ഞ സ്ഥാപനങ്ങളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ, കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം അവയുടെ ലൈസൻസ് രേഖകളും ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (23/24.01.23)നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

3) ഗ്രാമപഞ്ചായത്തിന്റെ വാടക മുറികളിലെ സ്ഥാപനങ്ങൾ സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല(ഓഡിറ്റ്

എൻക്വയറി നമ്പർ 23/24.01.23)
പഞ്ചായത്ത് ഫീൽഡ് പരിശോധന നടത്തി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-15 തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

1) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ തൊഴിൽ ചെയ്തിട്ടും തൊഴിൽ നികുതി അടവാക്കാത്ത അംഗീകൃത കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കരാറുകാരന്റെ പേര്
1	എൻ ഒ വർഗ്ഗീസ്
2	ഒ ജെ വിൽസൺ
3	അനീഷ് ആന്റണി
4	ജോയ് പി ഡി
5	ബിബിൻ മാത്യു
6	ജെയ്സൺ വി ഒ
7	ലിസ്യോൺ പി ജെ

മേൽ പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(23/24.01.23)തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ഗ്രാമ പഞ്ചായത്തിന്റെ വാടകമുറികളിലെ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന മുറികളിലെ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(23/24.01.23) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ക്രമവത്ക്കരണ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 95 (3) പ്രകാരം രാജിയാക്കൽ ഫീസ് ലഭിക്കുകയും ഉപാധികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അനുസരിക്കുകയും ചെയ്യുന്നതിന്മേൽ അനുബന്ധം G1 ലെ പോലെ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം G2 വിലെ പോലെ ഒരു മാതൃകാ രജിസ്റ്ററിൽ അതിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തി ഒരു സ്ഥിര രേഖയായി സൂക്ഷിക്കേണ്ടതുമാണ്. അക്കൗണ്ട്സ് പ്രകാരം സാമ്പത്തിക വർഷം 104671 രൂപ ബിൽഡിങ്ങ് റഗുലറൈസേഷൻ ഫീ ഇനത്തിൽ വരവുണ്ട്. പ്രസ്തുത രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(എൻക്വയറി നമ്പർ 2/19.01.23) നൽകിയതു പ്രകാരം രജിസ്റ്റർ ഹാജരാക്കിയെങ്കിലും ആയതിൽ ഡിസിബി വിവരങ്ങൾ രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. മാത്രമല്ല രജിസ്റ്റർ പ്രകാരം ആകെ 32455 രൂപ മാത്രമാണ് കളക്ഷൻ. രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്.

1-17 ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതി തുക മുൻകൂർ നൽകി

പദ്ധതി നമ്പർ-389/22, ചിത്രമൂല

നിർവ്വഹണ ഉദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്

വൗച്ചർനമ്പർ-XFC/2021-22/P/20/25.3.22

തുക-15,00,000

മറ്റത്തൂർ ജി എൽ പി സ്കൂളിൽ സംഗീത മൂല, തുരങ്ക നിർമ്മാണം ,സ്കൂൾ കവാടം എന്നിവ ഒരുക്കുന്നതാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.
സർക്കാർ ഉത്തരവ് 177/2006/ഫിൻ തീയതി 12.4.2006 ഖണ്ഡിക 6.1 ൽ ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് 88/2018/ധന, തീയതി 11.06.2018, ഖണ്ഡിക 4, 5.3 എന്നിവ പ്രകാരം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കുന്ന തുകകൾ ഉൾപ്പെടെ നേരിട്ട് ഗുണഭോക്താവിലേയ്ക്ക് നല്കണമെന്ന് നിർദ്ദേശമുള്ളതാണ്. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 34(2) പ്രകാരവും, പണം കിട്ടേണ്ട ആളിന്റെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്ന രീതിയിൽ തുക കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണോദ്യഗസ്ഥയുടെയും പിടിഎയുടെയും ജോയിന്റ് അക്കൗണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത്. തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല.
മേൽ വിഷയം സംബന്ധിച്ചും പ്രവർത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും ആവശ്യപ്പെട്ട നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.- നം 22/23.1.23 . സർക്കാർ ഉത്തരവുകൾ പാലിക്കാതെ തുക നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതും പ്രവർത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. ചെലവു തുകയായ 15,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പിലാക്കിയ പദ്ധതികൾ- രേഖകൾ ഹാജരാക്കേണ്ടതാണ്

1) പടുതാക്കുളം മത്സ്യകൃഷി(പദ്ധതി നമ്പർ 96/22)
ചെലവ്- വികസനഫണ്ട്- 65600/- വൗച്ചർ നം-22100879/09.02.22
തനത്ഫണ്ട് -65600/- വൗച്ചർ നം-22100598/31.03.22
സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പിൽ പടുതാക്കുളം നിർമ്മിച്ച് മത്സ്യകൃഷി നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സാമ്പത്തിക വർഷം 131200 രൂപ സബ്സിഡി 4 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് സബ് ഇൻസ്പെക്ടർ ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന രേഖകളില്ല.
A. മോണിറ്ററിങ്ങ് കമ്മിറ്റി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിയ റിപ്പോർട്ട്.

B. ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ശ്രീ ഷാജൻ ബാബു ഉൾപ്പെട്ടു കാണുന്നില്ല. ടിയാൻ ഉൾപ്പെട്ട പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്.

C. ഹാജരാക്കിയ ബിൽ പ്രകാരം ശ്രീ അരുൺ അശോകൻ എന്ന ഗുണഭോക്താവിന് സബ്സിഡി തുക നൽകിയിട്ടുണ്ട്. ടിയാന്റെ അപേക്ഷയും ചെലവു രേഖകളും.
D. ഫിഷറീസ് വകുപ്പിന്റെ ഹാച്ചറിയിൽ നിന്നോ ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള എന്നിവ വഴി മത്സ്യ വിത്ത് വാങ്ങിയതിന്റെ ബില്ലുകൾ.
2. ബയോഫ്ലോക്ക് മത്സ്യകൃഷി(പദ്ധതി നമ്പർ 388/22)
ചെലവ്-36800,വൗച്ചർ നം-22100880/09.02.22
ബയോഫ്ലോക്ക് മത്സ്യകൃഷിയ്ക്കായി ജയറാംദാസ് എന്ന ഗുണഭോക്താവിന് പഞ്ചായത്ത് സബ്സിഡി തുക 36800 രൂപ നൽകിയിട്ടുണ്ട്. ഹാജരാക്കിയ ഫയലിൽ താഴെ ചേർത്തിരിക്കുന്ന രേഖകൾ ഇല്ല.
A. ഗുണഭോക്താവ് ശ്രീ. ജയറാംദാസ് ഉൾപ്പെടുന്ന ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം
B.മോണിറ്ററിങ്ങ് കമ്മിറ്റി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിയ റിപ്പോർട്ട്.
രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (15/23.01.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 168000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 ആശ്രയ ഫണ്ട്- ചെലവഴിക്കാതെ അവശേഷിക്കുന്ന

ആശ്രയ പദ്ധതിയുടെ പാസ്ബുക്ക് പരിശോധിച്ചതിൽ അഗതിരഹിത കേരളം പദ്ധതിക്കായി അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയിൽ 21-22ൽ നൽകിയ 600000/-രൂപ Voucher No.

22100799/24.01.2022 ഉൾപ്പെടെ ആകെ 2761418-രൂപ നീക്കിയിരിപ്പുണ്ട്. (അക്കൗണ്ട് നമ്പർ- 45512010002807).സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്ന ആശ്രയ ഗുണഭോക്താക്കൾക്ക് നീക്കി വച്ച ഫണ്ട് ഫലപ്രദമായി ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2022-23 വർഷത്തിൽ തുക പൂർണ്ണമായും ചെലവഴിക്കുന്നതാണെന്ന് ഓഡിറ്റ്എൻക്വയറിക്ക് (27/24.1.2023)മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-20 ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ (മറ്റത്തൂർ സർക്കിൾ)

ലൈഫ് ഭവന പദ്ധതി (എസ്.സി) പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പ്രൊജക്റ്റ്	ഗുണഭോക്താവിന്റെ പേര്	അനുവദിച്ച തുക
364/22	ഷീജ ഇരിങ്ങാപ്പിള്ളി	40000
364/22	ദേവു ആളൂത്താൻ	200000
153/22	ശാന്ത ഒല്ലൂക്കാരൻ	300000

ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം ഗുണഭോക്താവിന് അനുവദിച്ച തുക പിഴ പലിശ സഹിതം തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം 10/21.1.23

1-21 ഷി വർക്ക് സ്പേസ് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്റ്റ് - 372/22

പ്രൊജക്റ്റ് പേര് -ഷി വർക്ക് സ്പേസ് കൊടകര ബ്ലോക്ക്-പഞ്ചായത്തിന് തുക കൈമാറൽ

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ (മറ്റത്തൂർ സർക്കിൾ)

ബിൽ നം 36/16.3.22 തുക ₹160840

ബിൽ നം 30/9.2.22 തുക ₹500000

മേൽ പദ്ധതി പ്രകാരം660840 രൂപ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. 582000രൂപയുടെ വിനിയോഗ സാക്ഷ്യ പത്രമാണ് (ഡി 2600/2021തിയതി 6.12.22) ലഭ്യമായിട്ടുള്ളത്. ബാക്കി 78840 രൂപയുടെ വിനിയോഗ വിവരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 10/21.1.23

1-22 കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

വൗച്ചർ നമ്പർ: 22100679 തിയ്യതി:16.10.21 തുക:312500

കന്നുകുട്ടി പരിപാലന പദ്ധതിയിൽ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും മേൽ സൂചിപ്പിച്ച വിധം തുക നൽകിയിട്ടുണ്ട്. 2021 നവംബർ മുതലാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. കാലിത്തീറ്റ വിതരണരജിസ്റ്റർ പരിശോധിച്ചപ്പോൾ സാഞ്ചോ സെബാസ്റ്റ്യൻ, ഷീല ജയരാമൻ എന്നീ ഗുണഭോക്താക്കൾ 2022 ജൂൺ മുതൽ കാലിത്തീറ്റ വാങ്ങുന്നത് തുടരുന്നില്ല എന്ന് കാണുന്നു. പദ്ധതിയിൽ നിന്നും പിൻമാറിയ ഗുണഭോക്താക്കൾ ഇതുവരെ കൈപ്പറ്റിയ ധനസഹായം കഴിച്ച് ബാക്കി തുക കണക്കാക്കി ആയത് എസ്.എൽ.ബി.പിയിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (11/21.1.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-23 ക്യാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ ക്യാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ വെറ്ററിനറി സർജൻ ക്യാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (11/21.1.23)കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നതന്നാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-24 കോവിഡ് 19 ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും വാങ്ങൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പദ്ധതി നം. 419/22

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, സിഎച്ച് സി

കോവിഡ് 19 ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും വാങ്ങൽ എന്ന പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും 1,00,000 രൂപ (Vr. 22100582 Dtd 31.3.22) ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.-നം 21/23.1.23

1-25 മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, സിഎച്ച് സി

താഴെ പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവീസസ് കോർപറേഷന് തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

ക്രമ നം	പദ്ധതി	നൽകിയ തുക (രൂപ)	വൗച്ചർ നം തിയതി	മരുന്നുകൾ ലഭ്യമായത് (രൂപ)	ബാക്കി(രൂപ)
1	209/22- കോവിഡ് 19 പ്രതിരോധ പ്രവർത്തനം ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ	2,71,010	22100554/19.3.22	64,416	2,06,594
2	പദ്ധതി നം.74/22 പാലിയേറ്റീവ് പരിചരണം	3,00,000	22100560/22.3.22	2,43,826	56,174

മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.- നം 21/23.1.23

1-26 മരുന്നുകൾ സ്റ്റോക്കിലെടുത്തിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, സിഎച്ച് സി

മൂർക്കനിക്കര സർവ്വീസ് സഹകരണ ബാങ്ക്നീതി മെഡിക്കൽ സ്റ്റോറിലേക്ക് 8,47,921 രൂപ നൽകിയെങ്കിലും ലഭ്യമായ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ക്രമ	പദ്ധതി	തുക	വൗച്ചർ നം

നം	നം		തിയതി/ബിൽ നംതിയതി
1	211/22	206923	22100473/29.7.21
2	211/22	139168	22100582/28.8.21
3	211/22	103200	22100393/8.2.22
4	211/22	134320	22100283/19.1.22
5	62/22	21840	ട്രഷറി ബിൽ നം3/29.6.21
6	74/22	112112	ട്രഷറി ബിൽ നം4/29.6.21
7	209/22	130358	22100133/10.11.21
		8,47,921	

മരുന്നുകൾ സ്റ്റോക്കിലെടുത്തിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 8,47,921 രൂപ തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല- നം 21/23.1.23

1-27 പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം - പട്ടികജാതി വികസന ഓഫീസിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ -അസി.സെക്രട്ടറി

പ്രോജക്റ്റ് നമ്പർ 20/22 പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

വൗച്ചർ നമ്പർ / തുക

22100661 തീയതി 30.9.21 തുക – 4,50,000

22100706 തീയതി 2.11.21 തുക – 3,75,000

22100742 തീയതി 3.12.21 തുക – 1,50,000

22100875 തീയതി 8.2.22 തുക – 2,25,000

22100876 തീയതി 8.2.22 തുക – 75,000

താഴെ പറഞ്ഞ ഗുണഭോക്താക്കൾക്ക് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വികസന ഓഫീസിൽ നിന്നും ഇതേ ആവശ്യത്തിന് ധനസഹായം നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പേര്	കൈപ്പറ്റിയ തുക
ബിന്ദു എ എ	75000
ശ്രീധരൻ	75000
വിമല	75000
ശ്രീലത	75000
മോഹനൻ	75000
സാന്ദ്ര	75000
ആകെ	4,50,000

മേൽപറഞ്ഞ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 27/24.1.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ആയത് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക (₹4,50,000)തടസ്സപ്പെടുത്തുന്നു.

1-28 ഗാർഹിക കുടിവെള്ള കണക്ഷൻ - രേഖകൾ ഹാജരാക്കിയിട്ടില്ല.-14129 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

പ്രോജക്ട് നമ്പർ	273/22, പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കുടിവെള്ള കണക്ഷന് - സബ്സിഡി
നിർവ്വഹണ ഉദ്യോഗസ്ഥ	അസിസ്റ്റന്റ് സെക്രട്ടറി
ചെലവ്	52500
വൗച്ചർ നമ്പർ / തുക	22100877 തീയതി 8.2.2022 തുക – 20883 22100931 തീയതി 26.2.2022 തുക – 31617

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1. ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2. താഴെ കൊടുക്കുന്ന ഗുണഭോക്താക്കൾ വാട്ടർ അതോറിറ്റിയിൽ നിന്നും കണക്ഷൻ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	സബ്സിഡി നൽകിയത്
1	സുരേന്ദ്രൻ	7500
2	ഉണ്ണികൃഷ്ണൻ	6629
	ആകെ	14129

രേഖകൾ ഹാജരാക്കുന്നതുവരെ 14129/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

(ഓഡിറ്റ്എൻക്വയറി 27/24.1.2023)

1-29 സ്ട്രീറ്റ് മെയിൻ വലിക്കൽ -ധനവിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്

പദ്ധതിയുടെ പേര് -413/22- ചൊക്കാന മേഖലയിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥ-അസി സെക്രട്ടറി

വൗച്ചർ നം 22101039/26.3.22 തുക 50000

പദ്ധതി പ്രകാരം 50000 രൂപ കെഎസ് സി ബി ക്ക് കൈമാറിയിട്ടുണ്ട്. എസ്റ്റിമേറ്റ്, ധനവിനിയോഗസാക്ഷ്യപത്രം, ഫൈനൽ ബിൽ, പണി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല.പരാമർശം പ്രകാരമുള്ള രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.വിനിയോഗ സർട്ടിഫിക്കറ്റ് കെഎസ് സി ബി യിൽ നിന്നും ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ്എൻക്വയറിക്ക് (27/24.1.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-30 അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ- പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന പൊതു അപാകങ്ങളുണ്ട്.
1.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല. 2021-22 ൽ പ്രൊജക്ട് നം 377/22 ആയി 100000/- രൂപ അടങ്കലിൽ (തനത് ഫണ്ട്)പ്രൊജക്ട് വച്ചെങ്കിലും ചെലവഴിച്ചിട്ടില്ല.

Go(ms) 11/2018/lsgd Dt.29.01.2018 പ്രകാരം പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2.ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

4. രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്റ്റ് രജിസ്റ്റർ, ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു.

എ)ടെണ്ടർരജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും, അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

ബി) സെക്യൂരിറ്റി രജിസ്റ്റർ

പരിശോധനക്ക് ഹാജരാക്കിയ സെക്യൂരിറ്റി രജിസ്റ്റർ പൂർണമല്ല. പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ചു നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതേണ്ടതാണ്.

5.പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

6.പ്രവൃത്തികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/20.01.2023) നൽകിയ മറുപടിയിൽ അപാകങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നറിയിച്ചു. അപാകങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1-31 ഇ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നില്ല

2021-22 വരെ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ഇ ടെണ്ടർ ഫീ സ്വീകരിക്കാനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ വെള്ളിക്കുളങ്ങര എസ് ബി ഐ യിലുള്ള 37739626616 നമ്പർ എക്കൗണ്ടിൽ 31.03.2022 ൽ 2,72,013 /- രൂപ നീക്കിയിരിപ്പുണ്ട് .ആയത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാത്തതിൽ മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/20.01.2023) നൽകിയ മറുപടിയിൽ ബാക്കി തുക ഉടൻ അടവാക്കുന്നതാണ് എന്നറിയിച്ചു. ബാക്കി തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്.

1-32 അസിസ്റ്റന്റ് എഞ്ചിനിയർ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1.കാഷ്ബുക്ക് ദിവസ, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.

2.പരിശോധനക്ക് ഹാജരാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ രസീത്/ ബിൽ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3.കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി , ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/20.01.2023) നൽകിയ മറുപടിയിൽ ഭാവിയിൽ കാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നതാണെന്നറിയിച്ചു. കാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിച്ച് അറിയിക്കേണ്ടതാണ്.

1-33 ശുചിപൂർണ എം സി എഫിലേയ്ക്ക് വാങ്ങിയ പ്ലാസ്റ്റിക് ബെയ് ലിംഗ് മെഷീൻ പ്രവർത്തനസജ്ജമായിട്ടില്ല-5,47,517/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം, പേര്-189/22, ശുചിപൂർണ എം സി എഫ് നിർമ്മാണം
നിർവഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ
മേല്പറഞ്ഞ പ്രൊജക്ടിൽ എം സി എഫിലേയ്ക്ക് പ്ലാസ്റ്റിക് ബെയ് ലിംഗ് മെഷീൻ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നമ്പർ 41/25.03.2022 പ്രകാരം ക്ളീൻ കേരള, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് താഴെപ്പറയുംപ്രകാരം തുക നൽകിയിട്ടുണ്ട്. (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
വൗച്ചർ നം.,തിയതി-22100633/31.03.2022-96,154/-
വൗച്ചർ നം.,തിയതി-22100634/31.03.2022-451,363/-
ആകെ-5,47,517/-
ബെയ് ലിംഗ് മെഷീൻ ഇൻസ്റ്റാൾ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. പ്ലാസ്റ്റിക് ബെയ് ലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ത്രീ ഫേസ് വൈദ്യുതീകരണം പൂർത്തിയാക്കുന്നതിലും മുമ്പാണ് മെഷീൻ വാങ്ങിയിട്ടുള്ളത്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/20.01.2023) നൽകിയ മറുപടിയിൽ വൈദ്യുതീകരണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ലെന്നറിയിച്ചു. പ്ലാസ്റ്റിക് ബെയ് ലിംഗ് മെഷീൻ പ്രവർത്തനസജ്ജമാക്കി അറിയിക്കേണ്ടതാണ്. അതുവരെ ചെലവുതുക 5,47,517/- രൂപ തടസ്സപ്പെടുത്തുന്നു.

1-34 പ്രവൃത്തി വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ചമൂലമല്ല പ്രവൃത്തി വൈകിയത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തി കരാർ മുൻപ് അംഗീകരിച്ച സമയത്ത് അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽമൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1)

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു. (അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയതിൽ പരിശോധിച്ച ഫയലുകൾ പ്രകാരമുള്ളത്)

കാലയളവ്	പിഴ
ആദ്യ വർദ്ധന (First Extension)	PAC യുടെ 1% (മിനിമം 1000 , പരമാവധി 50000)
തുടർന്നുള്ള വർദ്ധന (Beyond	PAC യുടെ 2% (മിനിമം 2000 ,

First Extension)	പരമാവധി 100000)

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ വിവിധ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത വിവിധ പ്രവൃത്തികളിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരന് പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും വ്യക്തമായി.

I-ഇരുമ്പ് തടയണകൾക്ക് ഷെൽട്ടർ നിർമ്മാണവും അറ്റകുറ്റപ്പണിയും (225/22)

പൂർത്തീകരണകാലയളവ്- 6 മാസം (TS പ്രകാരം)

കരാറുകാരൻ- ശ്രീ എൻ ഒ വർഗീസ്

കരാർ - 23/ 20-21/AE/LSGD/MTRGP Dt.17.06.2020

PAC – 8,92,887/-

സൈറ്റ് കൈമാറിയത്- 17.06.2020

M Book – 156/20-21

പ്രവൃത്തി ആരംഭിച്ച തിയ്യതി - 04.08.2020

പൂർത്തീകരിച്ചത് - 23.12.2021

ചെലവ് - ₹ 145957/-(CFC -CC IInd&Final) (22100803 Dt 25.01.2022)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തതിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി (കോവിഡ് കാരണം അധികമായി അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)	പൂർത്തീകരിച്ച തിയ്യതി.	ഈടാക്കേണ്ടിയിരുന്ന പിഴ
16.06.2021	23.12.2021	വൈകിയത് - 5മാസം 7ദിവസം. ഈടാക്കേണ്ട പിഴ -28374 [16.06.2021 To 15.09.2021 - @ 1% Of PAC – 8929 16.09.2021 To 15.12.2021 - X@2%PAC- 17858 16.12.2021 To 23.12.2021 -8/90x@2%PAC-1587

II-കിഴക്കേ കോടാലി കോളനി കാന നിർമ്മാണം (217/22)

പൂർത്തീകരണകാലയളവ്- 6 മാസം (TS പ്രകാരം)

കരാറുകാരൻ- ഒ ജെ വിൽസൺ

കരാർ - 47/19-20/AE/LSGD/MTRGP Dt.19.11.2019

PAC – 267310.51

സൈറ്റ് കൈമാറിയത്- 19.11.2019

M Book –263/20-21

പ്രവൃത്തി ആരംഭിച്ച തിയ്യതി -11.10.2021

പൂർത്തീകരിച്ചത് - 31.12.2021

ചെലവ് - ₹ 296832/- Scp(22100894 Dt.17.02.2022)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തതിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി (കോവിഡ് കാരണം അധികമായി അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)	പൂർത്തീകരിച്ച തിയ്യതി.	ഈടാക്കേണ്ടിയിരുന്ന പിഴ
18.11.2020	31.12.2021	വൈകിയത് - 12മാസം 44ദിവസം. ഈടാക്കേണ്ട പിഴ - 23618 [18.11.2020 To 17.02.2021 - @ 1% Of PAC – 2968 18.02.2021 To 17.05.2021 - @2%PAC- 5937 18.05.2021 To 17.08.2021 - @2%PAC- 5937 18.08.2021 To 17.11.2021 @2%PAC- 5937 18.11.2021 To 31.12.2021 44/92x@2%PAC-2839

III-അംഗൻവാടി നം .61 അറ്റകുറ്റപ്പണി(222/22)

പൂർത്തീകരണകാലയളവ്- 6മാസം (TS പ്രകാരം)

കരാറുകാരൻ- ശ്രീ അനീഷ് അപ്പു

കരാർ - 74/19-20/AE/LSGD/MTRGP Dt.13.12.2019

PAC – 205226.7

സൈറ്റ് കൈമാറിയത്- 13.12.2019

M Book – 211/20-21

പ്രവൃത്തി ആരംഭിച്ച തിയ്യതി - 2.2.2021

പൂർത്തീകരിച്ചത് - 22.03.2022

ചെലവ് - ₹ 83836(Cfc-22101026/25.03.2022 Cc IInd And Final)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തതിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി (കോവിഡ് കാരണം അധികമായി അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)	പൂർത്തീകരിച്ച തിയ്യതി.	ഈടാക്കേണ്ടിയിരുന്ന പിഴ
13.12.2020	22.03.2022	വൈകിയത് - 15മാസം 10 ദിവസം. ഈടാക്കേണ്ട പിഴ - 20205 [13.12.2020 To 12.02.2021- @ 1% Of PAC – 2052 13.02.2021 To 12.05.2021 - @2%PAC- 4105 13.05.2021 To 12.08.2021-@2%PAC- 4105 13.08.2021 To 12.11.2021- @2%PAC- 4105 13.11.2021 To 12.02.2022 -@2%PAC- 4105 13.02.2022 To 22.03 2022-38/90 @2%PAC- 1733

IV-മാങ്കുറ്റിപ്പാടം മഹിളാ സമാജം നം.49 അംഗൻവാടി നവീകരണം

പൂർത്തീകരണകാലയളവ്- 9 മാസം (TS പ്രകാരം)

കരാറുകാരൻ- ശ്രീ ജെയ്സൻ പി ഒ

കരാർ - 57/20-21/AE/LSGD/MTRGP Dt.25.09.2020

PAC – 356280.7

സൈറ്റ് കൈമാറിയത്- 25.09.2020

M Book – 210/20-21,334/20-21

പ്രവൃത്തി ആരംഭിച്ച തിയ്യതി - 06.10.2020

പൂർത്തീകരിച്ചത് - 22.02.2022

ചെലവ് - ₹ 132619 (NR -22101020/24.03.2022)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി (കോവിഡ് കാരണം അധികമായി	പൂർത്തീകരിച്ച തിയ്യതി.	ഈടാക്കേണ്ടിയിരുന്ന പിഴ

അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)		
24.12.2021	22.02.2022	വൈകിയത് – 60ദിവസം. ഈടാക്കേണ്ട പിഴ – 2375 [24.12.2021 To 22.02.2022 - 60/90@ 1% Of PAC – 2375

V-ചെട്ടിച്ചാൽ ഓളിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം

പൂർത്തീകരണകാലയളവ്- 6 മാസം (TS പ്രകാരം)

കരാറുകാരൻ- ശ്രീ കെ ബി അശോകൻ

കരാർ - 55/20-21/AE/LSGD/MTRGP Dt.22.09.2020

PAC –267259.96

സൈറ്റ് കൈമാറിയത്,സെലക്ഷൻ നോട്ടീസ്എന്നിവ ഫയലിൽ ഇല്ല.

M Book – 16/21-22

പ്രവൃത്തി ആരംഭിച്ച തിയ്യതി - 07.03.2022

പൂർത്തീകരിച്ചത് - 25.03.2022

ചെലവ് - ₹ 175574/- (OWN FUND-22100596/31.03.2022)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി (കോവിഡ് കാരണം അധികമായി അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)	പൂർത്തീകരിച്ച തിയ്യതി.	ഈടാക്കേണ്ടിയിരുന്ന പിഴ
07.09.2021	25.03.2022	വൈകിയത് – 6മാസം 19ദിവസം. ഈടാക്കേണ്ട പിഴ – 9146 [07.09.2021 To 06.12.2021 - @ 1% Of PAC – 2673 07.12.2021 To 06.03.2022 - @2%PAC-5345 07.03.2022 To 25.03.2022 – 19/90x@2% PAC- 1128

ആകെ ഈടാക്കേണ്ട പിഴ-83,718/-
അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/23.01.2023) മറുപടി ലഭ്യമാക്കിയില്ല. പിഴത്തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായവരിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

1-35 സ്റ്റോർ പർച്ചേസ് മാന്വൽ - നിബന്ധനകൾ പാലിക്കേണ്ടതാണ്

പദ്ധതി	വൗച്ചർ നമ്പർ/തീയതി	തുക
369/22- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്	22100891 / 14.2.22	1,20,000
	22108612 / 31.3.22	25,000
	22101038 / 26.3.22	3,500
	22100890 / 14.2.22	91,500
23/22- പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ്	22100908 തീയതി 19.2.22	23,000
	വൗച്ചർ നമ്പർ -22100889 തീയതി 14.2.22	4,27,000
24/22- പട്ടികജാതി വദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്	22100890 / 14.2.22	3,96,500
	22100908 / 19.2.22	7500
	ആകെ	10,94,000

(I)അസി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥി- വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് വിതരണം പദ്ധതികളിൽ (നം 369/22,23/22,24/22) 31 ലാപ്പ് ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. സതേൺ സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നാണ് ലാപ്പ് ടോപ്പുകൾ വാങ്ങിയിട്ടുള്ളത്.

ലാപ്പ് ടോപ്പ് വാങ്ങലുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A)ടെണ്ടർ നടപടിരേഖകൾ ഹാജരാക്കിയില്ല.
സ.ഉ(പി) നം.10/2019/എസ്.പി.ഡി, തിയതി 22.08.2019 പ്രകാരം സർക്കാർ വകുപ്പുകളും പൊതുമേഖല സ്ഥാപനങ്ങളും മറ്റുസ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി സ്റ്റോർ പർച്ചേസ് മാന്വലിൽ ഖണ്ഡിക 7.52 കൂട്ടിച്ചേർത്തിട്ടുണ്ട്. എന്നാൽ CPRCS പോർട്ടലിൽ നിന്നല്ല പദ്ധതിയ്ക്കായി ലാപ്പ്ടോപ്പ് വാങ്ങിയത്.
B) സതേൺ സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്ന് ലാപ്പ് ടോപ്പ് വാങ്ങുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ, വാങ്ങലുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം എന്നിവ ലഭ്യമാക്കിയില്ല. പരാമർശ രേഖകൾ ഹാജരാക്കേണ്ടതാണ്.
നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സാധന സാമഗ്രികൾ വാങ്ങൽ നടത്തുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

B) അർഹതാരേഖകൾ ഹാജരാക്കിയില്ല

ക്രമ നം	പദ്ധതി	ഗുണഭോക്താവിന്റെ പേര്	അപാകതകൾ
1	369/22- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്	ബിസ്മിജ	പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല
2	24/22- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്	ദിനനാഥ്	പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കേണ്ടതാണ്.

C) പദ്ധതി നം. -23/22- പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് – അപേക്ഷയും അനുബന്ധരേഖകളും ഹാജരാക്കിയില്ല

ക്രമ നം	ഗുണഭോക്താവിന്റെ പേര്	അപാകതകൾ
1	അജന്യ	അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കിയില്ല.
2	ഷാജിത എം സി	ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.
3	ആര്യചന്ദ്രൻ	ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.
4	മേഘ സി എൽ	ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.
5	ഷാജിത എം സി	പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 27/24.01.23) രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

രേഖകൾ ഹാജരാക്കുന്നതുവരെ പദ്ധതികൾക്കായി ചെലവഴിച്ച 10,94,000 രൂപ തടസ്സപ്പെടുത്തുന്നു.

1-36 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് -രേഖകൾ ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ-അസി സെക്രട്ടറി

പദ്ധതി -31/22- പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

വൗച്ചർ നമ്പർ -22100706 തീയതി 2.11.21 തുക -30,000

വൗച്ചർ നമ്പർ -22100741 തീയതി 3.12.21 തുക -1,00,000

വൗച്ചർ നമ്പർ -22100771 തീയതി 1.1.22 തുക -2,50,000

വൗച്ചർ നമ്പർ -22100706 തീയതി 2.11.21 തുക -30,000

ക്രമ നം	ഗുണഭോക്താവിന്റെ പേര്	അപാകതകൾ
1	അക്ഷയ്കൃഷ്ണ	സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കിയില്ല.
2	ദേവിക എസ് എസ്	പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല.
3	അക്ഷയ് ദാസ്	പട്ടികജാതി വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലാ എന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയില്ല.

രേഖകൾ ഹാജരാക്കേണ്ടതാണ്.മേൽപറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 27/24.1.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ആയത് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

1-37 പ്രവൃത്തി പൂർത്തീകരിച്ചശേഷം മസ്റ്റർ റോൾ തയ്യാറാക്കി വിദഗ്ധ തൊഴിലാളികളുടെ വേതനം കൈപ്പറ്റി

സാമ്പത്തികവർഷം തൊഴിലുറപ്പപദ്ധതിയുടെ ഭാഗമായി ചെയ്ത വെട്ടിയാടൻചിറ മുരിക്കുങ്ങൽ റോഡ് കാന

കോൺക്രീറ്റിങ് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരിച്ച ശേഷം മസ്റ്റർ റോൾ തയ്യാറാക്കി വിദഗ്ധതെളിലാളികളുടെ വേതനം കൈപ്പറ്റിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

അളവുപുസ്തകം, പ്രവൃത്തി മൂല്യം	അളവുപുസ്തകം പ്രകാരം പൂർത്തീകരിച്ച് തീയ്യതി	മസ്റ്റർ റോൾ നം-തീയ്യതി	വിദഗ്ധ തൊഴിലാളിയുടെ പേര്	വേതന നിരക്ക്	കൈപ്പറ്റിയ തുക	കുറിപ്പ്
185/21-22, 474735	4/12/21	183 07/04/22-13 /04/2022/22	വിൽസൻ പോൾസൺ രാജൻ രവി പൗലോസ്	1010	7070X5=35350	ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല "
		184 07/04/22-13 /04/2022	ഷൈലജന് പ്രഭാകരൻ ജയ്മോൻ ശകുന്തള.കെ.ബി സുനിൽകുമാർ	1010	7070x5=35350	
		5527 14/07/2022-20 /07/22	ഷൈലജന് പ്രഭാകരൻ ജയ്മോൻ	780	4680x3=14040	
		5526 14/07/22-20 /07/22	വിൽസൻ പോൾസൺ രാജൻ രവി പൗലോസ്	780	5460x7=27300	
				ആകെ	112040/-രൂപ	

ഈ പ്രവൃത്തിയുടെ വേജ് ലിസ്റ്റ് തയ്യാറാക്കി തുക അനുവദിച്ചത് 2022-23 ൽ ആണ്. ഇപ്രകാരം തുക അനുവദിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുന്നതിനായി 24/24.01.2023 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, പ്രവർത്തി സമയത്തുണ്ടായ അപ്രതീക്ഷിത തടസ്സങ്ങളാണ് മസ്റ്റ്റോൾ അടിച്ചതിന് കാലതാമസം വന്നതിനും മെഷർമെന്റ് ബുക്കിൽ തിയതി രേഖപ്പെടുത്തിയതിൽ തെറ്റ് വന്നതിനും കാരണമായതെന്നും തെറ്റ് തിരുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇത് അംഗീകരിക്കാവുന്നതല്ല. അപാകത ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നായ തൊഴിലുറപ്പുപദ്ധതിയുടെ നിർവ്വഹണത്തിൽ തികഞ്ഞ ജാഗ്രതയും കൃത്യതയും പുലർത്തേണ്ടതാണ്.

1-38 റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികൾക്കായി പ്രവർത്തി പൂർത്തീകരിച്ചതിനു ശേഷമുള്ള തിയതികളിലെ മെറ്റീരിയൽ ബില്ലുകൾ സമർപ്പിച്ചിരിയ്ക്കുന്നു.

താഴെപറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികൾക്കായി പ്രവർത്തി പൂർത്തീകരിച്ചതിനു ശേഷമുള്ള തിയതികളിലെ മെറ്റീരിയൽ ബില്ലുകൾ സമർപ്പിച്ചിരിയ്ക്കുന്നു.

പ്രവൃത്തി	അളവുപുസ്തകം, പ്രവൃത്തി മൂല്യം	അളവുപുസ്തകം പ്രകാരം പൂർത്തീകരിച്ച തീയ്യതി	മെറ്റീരിയൽ ബില്ലുകളുടെ തുക തീയ്യതി
വാസുപുരം ഹാപ്പി റോഡ് കോൺക്രീറ്റിംഗ്	181/21-22 209656	11.03.2022	അനീഷ് ആന്റണി 11.04.2022-7065 11.04.2022-61063 11.04.2022-101929

			ആകെ-170057
മൂലംകുടം കോട്ടായിപാടം റോഡ് കോൺക്രീറ്റിംഗ്	335/21-22 498664	13.03.2022	നെല്ലിപ്പിള്ളി സൈജൻ 29/06/2022-153685 29/06/2022-244337 29/06/2022-4103 ആകെ-402125
വാസുപുരം റിവർലൈൻ റോഡ് കോൺക്രീറ്റിംഗ്	188/21-22 498205	13.03.2022	നെല്ലിപ്പിള്ളി ആന്റണി 12.04.2022-21540 12.04.2022-96800 12.04.2022-83121 12.04.2022-205931 ആകെ-407402
സ്നേഹ റോഡ് കോൺക്രീറ്റിംഗ്	247/21-22 491741	24.03.2022	അനീഷ് ആന്റണി 01.04.2022-18000 10.04.2022-158770 10.04.2022-230262 ആകെ-407032
നൂലുവള്ളി 56-ാം നമ്പർ അംഗൻവാടി റോഡ് കോൺക്രീറ്റിംഗ്	306/21-22 പ്രവ്യത്തിമൂല്യം-497133	28.03.2022	അനീഷ് ആന്റണി 02.04.2022-74999 02.04.2022-18390 02.04.2022-16224 03.04.2022-140121 ആകെ-415244

വെണ്ടർ ബിൽ സമർപ്പിക്കാൻ വൈകിയതിനാലാണ് ബിൽ എൻട്രി വൈകിയതെന്നും ആവർത്തിക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കുന്നതാണെന്നും ഇക്കാര്യത്തിൽ നൽകിയ 24/24.01.2024 ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രവർത്തിസമയത്തെ തിയതിയിലെ ബിൽ നൽകാൻ വെണ്ടർ ബാധ്യസ്ഥനാണ്.
പദ്ധതി നിർവ്വഹണത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.മേൽപ്രകാരം പ്രവർത്തിപൂർത്തീകരിച്ചതിനു ശേഷമുള്ള തിയതികളിലെ ബില്ലുകൾ സമർപ്പിക്കുവാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. തുക അനുവദിച്ചത് സംബന്ധിച്ച പേമെന്റ് ഓഡർ, തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-39 പാടശേഖരസമിതിയുമായി കരാർ ഒപ്പുവെച്ചില്ല

വൗച്ചർ നം.22100412/08.02.22 Rs.1,66,174

'മാങ്കുറ്റിപ്പാടം പാടശേഖര സമിതിക്ക് പവർടില്ലർ' (So 085/22) പദ്ധതിയിൽ ഉൾപ്പെടുത്തി KAMCOയുടെ ഇൻവോയ്സ് നം.11131189/13.08.21 Rs.1,70,000, 11231113/13.08.21 Rs.14,638 എന്നിവ പ്രകാരം പവർ ടില്ലറും അനുബന്ധ സാമഗ്രികളും വാങ്ങി നൽകിയിട്ടുണ്ട്. യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷികാവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും, സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാമെന്ന വ്യവസ്ഥ രേഖപ്പെടുത്തിയതുമായ കരാർ ഒപ്പു വെക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ {സ.ഉ.(കൈ)നം.22/2018 /തസ്വഭവ തീ.14.02.2018}യിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന കരാർ

ഒപ്പുവെച്ചിട്ടുണ്ടെങ്കിൽ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.28/24.01,23) നൽകിയെങ്കിലും കരാർ ഒപ്പുവെച്ചിട്ടുണ്ടെന്ന വാക്കാലുള്ള മറുപടിയല്ലാതെ കരാർ ഹാജരാക്കുകയുണ്ടായില്ല. പാടശേഖരസമിതിയുമായി ഒപ്പുവെച്ച കരാർ ഹാജരാക്കേണ്ടതാണ്.

1-40 സമഗ്ര നെൽകൃഷി വികസനം-വിതരണരജിസ്റ്റർ ഹാജരാക്കിയില്ല.

സമഗ്ര നെൽകൃഷി വികസനം(ടo 006) പദ്ധതിക്കായി വിവിധ ഫണ്ടുകളിൽ നിന്നായി താഴെ കൊടുത്ത പ്രകാരം ചെലവുകൾ വന്നിട്ടുണ്ട്.

വികസന ഫണ്ട്	43,50,000
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	3,95,000
ജില്ലാ പഞ്ചായത്ത് വിഹിതം	9,00,144
ആകെ	56,45,144

നെൽ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി കേരള കാർഷിക സർവ്വകലാശാല, കൃഷി വകുപ്പിന്റെ വിത്തുൽപാദക കേന്ദ്രം എന്നിവിടങ്ങളിൽ നിന്നും നെൽ വിത്ത് വാങ്ങിയതിന് 10,79,200രൂപ ചെലവഴിച്ചിട്ടുണ്ട്. വാങ്ങിയ ബില്ലുകളിൽ സ്റ്റോക്ക് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ വാങ്ങിയ നെൽ വിത്തുകൾ ജനകീയാസൂത്രണ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും വിവിധ പാടശേഖര സമിതികൾക്ക് വിതരണം ചെയ്തത് പരിശോധിക്കാനുതകുന്ന തരത്തിൽ രേഖപ്പെടുത്താത്തതിനാൽ പരിശോധന സാധ്യമായിട്ടില്ല. പരിശോധനക്കുതകുന്ന തരത്തിൽ സ്റ്റോക്ക് രജിസ്റ്റർ എഴുതി തയ്യാറാക്കി ഹാജരാക്കേണ്ടതാണ്.

1-41 വിഭാവനം ചെയ്ത പദ്ധതികൾ നിർവ്വഹണം നടത്താത്തത് സംബന്ധിച്ച്

ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും ആവശ്യമായ വികസന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭരണഘടനാ ചുമതലയാണ്. (13-ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ – സ.ഉ.(കൈ)നം.11/2018/തസ്വഭവ തീ.29.01.18 ഖ.2.3) 13-ാം പഞ്ചവത്സര പദ്ധതിയുടെ പൊതു ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാന സർക്കാരിനൊപ്പം പ്രാദേശിക സർക്കാരുകളും മുന്നിൽ നിന്ന് പ്രവർത്തിക്കേണ്ടതുണ്ടെന്ന് മാർഗ്ഗരേഖ അടിവരയിട്ട് പ്രഖ്യാപിക്കുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർ.ഉദ്യോഗസ്ഥനായി വിഭാവനം ചെയ്തതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ ഒരു നേർചിത്രം താഴെ ചേർക്കുന്നു.

വിഭാവനം ചെയ്ത പദ്ധതികൾ	59	
നടപ്പാക്കിയ പദ്ധതികൾ	44	75%
നടപ്പാക്കാത്ത പദ്ധതികൾ	15	25%

ഫണ്ട് ഇനം	അടങ്കൽ	ചെലവ്	%
വികസന ഫണ്ട്	57,79,584	57,79,584	100
വികസന ഫണ്ട്(SCP)	1,17,334	1,17,334	100
ധന.കമ്മീഷൻ ഗ്രാന്റ്	1,09,17,953	1,08,88,560	100
കേന്ദ്രാവിഷ്കൃത ഫണ്ട്	15,09,324	0	0
സംസ്ഥാനാവിഷ്കൃത ഫണ്ട്	4,00,000	0	0
തനത് ഫണ്ട്	1,12,01,241	45,70,745	41
മെയി.ഫണ്ട്	30,11,000	30,11,000	100

തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ (Status Report) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രൊജക്റ്റുകൾക്ക് രൂപം നൽകേണ്ടത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്റ്റുകളും വിഭവങ്ങളുടെ നേരിയതോതിലുള്ള വിന്യാസവും (Thin Spread Of Resources) ഒഴിവാക്കി പ്രൊജക്റ്റുകളുടെ എണ്ണം കുറക്കണം.

ഇത്തരത്തിൽ, പ്രൊജക്റ്റുകളുടെ രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട നിർദ്ദേശങ്ങൾ സുവ്യക്തമായി

മാർഗ്ഗരേഖയിൽ ചേർത്തിട്ടുള്ള സാഹചര്യത്തിൽ നടപ്പിലാക്കാത്ത പദ്ധതികളുടെ എണ്ണത്തിൽ മേൽ കാണിച്ച തരത്തിലുള്ള ചെറുതല്ലാത്ത സംഖ്യ ഒഴിവാക്കപ്പെടേണ്ടതാണ്. ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

സംയുക്തപ്രോജക്ടുകൾക്കായി തൻവർഷം ലഭിച്ച തുകയിൽ ചെലവാക്കാതെ തുക അവശേഷിയ്ക്കുന്നില്ല.

4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിന് തൻവർഷം നൽകിയ തുകയിൽ ചെലവാകാത്ത തുക അവശേഷിയ്ക്കുന്നില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

ലോൺ എടുത്ത തുക	01.04.21 ലെ മുന്നിരിപ്പ്	തൻവർഷ തിരിച്ചടവ്	നീക്കിയിരിപ്പ്
1,58,00,000	1,25,37,110	13,05,333	11231777

4-5 സ്ഥിരനിക്ഷേപങ്ങൾ

A

1	വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	1211468
2	തൻവർഷം നിക്ഷേപിച്ച തുക	0
3	നിക്ഷേപത്തോട് ചേർത്ത പലിശ	72751
4	ആകെ	1133317
5	തന്നാണ്ടിൽ പിൻവലിച്ച തുക	0
6	വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (T D C B Kodaly F D No 80000389259)	1284219

B. ഇൻവെസ്റ്റ്മെന്റ് കോപറേറ്റീവ് (തൃശ്ശൂർ ജില്ലാ സഹകരണ സ്പിന്നിംഗ്മിൽ)– 12500

C. മുകുന്ദപുരം താലൂക്ക് മൾട്ടി പർപസ് വിമൻ ഇൻഡസ്ട്രിയൽ കോപറേറ്റീവ് സൊസൈറ്റി – 10000

ആകെ 1306719

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീതി നമ്പർ ,തിയതി
1982-83	16B	2795	എൻ.എം.മണി	1210202831/19.02.2022
1995-96	4	180	പി.എൻ.ദാമോദരൻ ചെറങ്ങാടൻ വീട്	1210202913/22.02.2022
ആകെ		2975		

4-7 സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകൾ

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1	2003-04	3-11, 3-15, 3-20	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല	ലഭ്യമല്ല
2	2014-15	2-3	,,	,,	,,	,,

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	170576506
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	165693748
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	4453567

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

മറ്റത്തൂർ ഗ്രാമപഞ്ചായത്ത്

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നത്	സർചാർജ് ചെയ്യാവുന്നത്	
	ഇല്ല		

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	15,00,000	ശ്രീമതി ധൂമിനി കെ.ജെ ,ഹെഡ്മിസ്ട്രസ്
1-18	168000	ശ്രീമതി. ജിബിന എം എം,ഫിഷറീസ് സബ് ഇൻസ്പെക്ടർ
1-26	8,47,921	ഡോ. സ്റ്റെല്ലമോൾ വി.കെ മെഡിക്കൽ ഓഫീസർ (സി എച്ച്

		സി
1-27	4,50,000	ശ്രീമതി ശ്യാമള സി.വി അസി.സെക്രട്ടറി
1-28	14,129	ശ്രീമതി ശ്യാമള സി.വി അസി.സെക്രട്ടറി
1-33	5,47,517	ശ്രീ. അജയ് കുമാർ. പി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ
1-35	10,94,000	ശ്രീമതി ശ്യാമള സി.വി അസി.സെക്രട്ടറി
ആകെ	4453567	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. സ്റ്റെല്ലമോൾ വി.കെ മെഡിക്കൽ ഓഫീസർ (സി എച്ച് സി	മെഡിക്കൽ ഓഫീസർ,ജനറൽ ആശുപത്രി,തൃശ്ശൂർ	ഹേമാദ്രി ,ഉമാനഗർ,സ്ട്രീറ്റ് നം. 10, കോലഴി
ശ്രീമതിധുമിനി കെ.ജെ ,ഹെഡ്മിസ്ട്രസ്	വിരമിച്ചു	കണ്ണൂക്കാടൻ വീട്,കോടാലി,പാഡി.പി.ഒ, 680699
ശ്രീമതി ശ്യാമള സി.വി അസി.സെക്രട്ടറി	അസി.സെക്രട്ടറി,മറ്റത്തൂർ ഗ്രാമപഞ്ചായത്ത്	ഇളയേടത്ത് വീട്,ചെമ്പുച്ചിറ, 680684
ശ്രീ. അജയ് കുമാർ. പി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, മറ്റത്തൂർ ഗ്രാമപഞ്ചായത്ത്	പള്ളത്തേരി വീട്, മറ്റത്തൂർകുന്ന് പി. ഒ മറ്റത്തൂർ.
ശ്രീമതി ജിബിന എം എം,ഫിഷറീസ് ഇൻസ്പെക്ടർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ,ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്	പട്ടാപ്പറമ്പിൽ വീട്, തുറവ് പി ഒ,ചേർത്തല-688032

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികൾ

ക്രമ നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് റിപ്പോർട്ട് നമ്പർ	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	റിമാർക്സ് (CAR/CASE /CH/SCH)
1	98-99 ചെലവ്	LFT9-16/661/00 തി.16.6.00/ 6.11.00	3	24, 44, 52	

2	99-2000 വരവ്	LFT9-17/09 തി.26.12.09	1	2-2	
3	99-2000 ചെലവ്	LFT9-716/03 തി.8.11.03/ 18.11.02	2	17, 23	
4	2000-01 (വരവ്, ചെലവ്)	LFT9-18/2000 തി.26.12.09/ 15.2.10	1	3-1	
5	2001-02	LFT9-19/09 തി.26.12.2009	1	3-2	
6	2002-03	LFT9-20/09 തി.26.12.2009	2	3-3, 3-6	
7	2003-04	LFT9-21/09 തി.26.12.2009	4	3-11,3-12, 3-15,3-20	3-11(CAR), 3-15(CAR), 3-20(CAR)
8	2006-07	LFT.10-208/10 തി.31.5.11/ 10.10.11	1	3-2	
9	2007-08	LFT.P10-854/11 തി.29.11.11/ 4.2.12	2	3-4, 3-5 (1,2,3,4,7, 8)	
10	2008-09	LFT.P10-855/11 തി.29.11.11/ 4.2.12	1	3-6	
11	2010-11	LFT.P2-691/12 തി.7.7.12/ 4.10.12	1	3-13	
12	2011-12	LFT.P6-2103/13 തി.14.5.14/ 10.09.14	14	2-3, 2-4, 2-5, 2-6, 3-4, 3-7, 3-8(a,b), 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18	
13	2012-13	LFTP.6-1769/14 തി.1.4.15/ 8.7.5	14	2-3, 2-5, 2-7(1), 2-8, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-13, 3-14	

				(3,4,5,6,7), 3-16, 3-19	
14	2013-14	KSATSR.P6-1194/15 തി.30.10.15/ 14.2.15	21	2-2(1,2), 2-3 (1,2,3,4,5,6), 2-4,2-5, 2-6, 2-7, 2-8(3), 2-9, 3-1, 3-2, 3-3, 3-4, 3-5, 3-7(a,b), 3-8, 3-9, 3-11, 3-14, 3-16, 3-17, 3-20	3-5, 3-11 (സർചാർജ്ജ്)
15	2014-15	KSATSR.P6-1329/15 Dt.2.11.15/ 10.12.15	8	2-1, 2-2, 2-3, 3-14,3-17, 3-18, 3-19, 3-20	2-3 (CAR)
16	2015-16	KSATSR.P6-2102/16 Dt.25.1.17	6	1-3(A/Cs), 3-1, 3-2(a), 3-6,3-8,3-11	
17	2016-17	KSATSR.P6-1419/17 Dt.23.11.17/ 13.12.17	18	1-3(A/Cs), 2-2, 2-4, 2-5, 2-7, 3-5(2), 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-21	
18	2017-18	KSATSR.P6-131/2019 Dt.5.2.19	17	1-12, 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-8, 3-10, 3-13, 3-14, 3-15, 3-16, 3-21	
19	2018-19	KSATSR(P8)1220/2020 Dt.16.01.2020	35	1-9,1-11,1-12,1-13,1-14,1-15 1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25, 1-26,1-27,1-28,1-29,1-30,	

				1-31,1-32,1-33,1-34,1-35, 1-36,1-37,1-38,1-39,1-40, 1-41,1-42,1-43,1-44	
20	2019-20	KSATSR(പി8)154/2022 Dt.07/06/2022	39	1-11,1-12,1-13,1-14,1-15 1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25, 1-26,1-27,1-28,1-29,1-30, 1-31,1-32,1-33,1-34,1-35, 1-36,1-37,1-38,1-39,1-40, 1-41,1-42,1-43,1-44,1-45,1-46,1-47,1-48,1-49	
	2020-21	KSATSR(പി8)155/2022. Dt.07/06/2022	33	1-10,1-11,1-12,1-13,1-14,1-15 1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25, 1-26,1-27,1-28,1-29,1-30, 1-31,1-32,1-33,1-34,1-35, 1-36,1-37,1-38,1-39,1-40, 1-41,1-42	
	ആകെ		**224**		

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്